ഉത്തരം

(എ) ഉണ്ട്.

(ബി) അതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചു വരുന്നു.

ഫിസിക്കൽ മെഡിസിൻ ആൻറ് റിഹാബിലിറ്റേഷൻ വിഭാഗം പ്രവർത്തിക്കാത്ത മെഡിക്കൽ കോളേജുകൾ

87 [1265] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ ഫിസിക്കൽ മെഡിസിൻ ആൻറ് റിഹാബിലിറ്റേഷൻ വിഭാഗം പ്രവർത്തിക്കുന്നില്ല എന്ന് വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലേയ്ക്ക് തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ നിന്നും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ മെഡിസിൻ ആൻറ് റിഹാബിലിറ്റേഷൻ വിഭാഗം അടിയന്തിരമായി തുടങ്ങാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഫിസിക്കൽ മെഡിസിൻ ആൻറ് റിഹാബിലിറ്റേഷൻ വിഭാഗം പ്രവർത്തിക്കുന്നില്ല.

(ബി) ഇൻഡ്യൻ മെഡിക്കൽ കൗൺസിലിൻെറ നോംസ് അനുസരിച്ചുള്ള ഡോക്ടർമാർ ആലപ്പുഴ, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ ഇപ്പോൾ ഉള്ളതുകൊണ്ട് ഇക്കാര്യം പരിഗണനയിൽ ഇല്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

ആശുപത്രി ദിനാഘോഷം

88 [1266] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലും ആശുപത്രി ദിനാഘോഷം ആചരിക്കുന്നുണ്ടോ?

ഉത്തരം

ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly